LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ

396 (5121) ഡോ. സുജിത് വിജയൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) നേരിട്ടുള്ള/ബൈട്രാൻസ്ഫറിലൂടെ നിയമനം ലഭിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ബാധകമായിട്ടുള്ള സ്പെഷ്യൽ റൂൾസ് ഉണ്ടോ; ഉണ്ടെങ്കിൽ നമ്പരും തീയതിയും അറിയിക്കാമോ?

ഉണ്ട്. 16-2-2011 തീയതിയിലെ സ.ഉ.(അ)44/2011/തസ്വഭവ. നമ്പർ ഉത്തരവ്.

(ബി) പ്രസ്തുത റൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിക്കുന്ന ഒരു വ്യക്തി പ്രസ്തുത നിയമനം ലഭിക്കുന്നതിന് മുമ്പ് അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ, MOP എന്നിവ പാസ്സായിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് വീണ്ടും ഇതേ ടെസ്റ്റുകൾ പാസ്സാകേണ്ടതുണ്ടോയെന്നറിയിക്കാമോ;

&

(സി) 2011-ന് മുമ്പ് അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ എന്നിവയിൽ ഏതെങ്കിലും പാസ്സാവുകയും 2012-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിക്കുകയും ചെയ്യുന്ന ആൾക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ അക്കൗണ്ട് ടെസ്റ്റ് എക്സിക്യൂട്ടീവ് പാസ്സാകേണ്ടതുണ്ടോ?

16-2-2011-ലെ GO(P)44/2011/LSGD നമ്പർ വിശേഷാൽ ചട്ടം നിലവിൽ വന്ന ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ടി തീയതിക്ക് മുമ്പുതന്നെ Account test (Lower/Higher) Manual of Procedure എന്നീ ടെസ്റ്റുകൾ പാസ്സായിട്ടുള്ളപക്ഷം അവരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് Account test for Executive Officer-ഉം Manual of Procedure-ഉം പാസ്സാകണമെന്ന് നിഷ്കർഷിക്കേണ്ടതില്ലെന്നും അവർ നേരത്തെ ആർജ്ജിച്ച പ്രസ്തുത യോഗ്യതകൾ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് പരിഗണിക്കാവുന്നതാണെന്നും 16-6-2017-ലെ സ.ഉ(എം.എസ്.) 112/2017/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം വ്യക്തത വരുത്തിയിട്ടുണ്ട്.

(ഡി) 2011-ന് ശേഷവും 2018-ന് മുമ്പായും അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ പാസ്സായ വ്യക്തിക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചാൽ അദ്ദേഹത്തിന്റെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ അക്കൗണ്ട് ടെസ്റ്റ് എക്സിക്യൂട്ടീവ് പാസ്സാകേണ്ടതുണ്ടോ?

ഉണ്ട്.

(ഇ) 2018-ന് മുമ്പ് MOP പാസ്സായ ഒരു വ്യക്തിക്ക് 2018-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചാൽ പ്രസ്തുത തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് വീണ്ടും MOP പാസ്സാകേണ്ടതുണ്ടോ; വിശദവിവരം നൽകുമോ?

ഇല്ല. അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ്, അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ എന്നിവ വ്യത്യസ്ത പരീക്ഷകൾ ആയതിനാലാണ് ഇവ പാസ്സാകണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എം.ഒ.പി പരീക്ഷ ഒരു തവണ വിജയിച്ചാൽ മതിയാകുന്നതാണ്.

ഹരിത കേരളം മിഷൻ

397 (5122) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിൽ ഹരിത കേരളം മിഷൻ പ്രകാരം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

ഇടുക്കി ജില്ലയിൽ ഹരിതകേരളം മിഷൻ ജലഉപമിഷന്റെ ഭാഗമായി സർക്കാർ ഉത്തരവുപ്രകാരം വിവിധ വകുപ്പുകളിലേയും ഏജൻസികളിലേയും പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച സാങ്കേതികസമിതികളുടെ നേതൃത്വത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കി. ഹരിതകേരളം മിഷൻ "ഇനി ഞാനൊഴുകട്ടെ" എന്ന പേരിൽ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കിയ നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് കാമ്പയിന്റെ ഭാഗമായി 662 കി.മീ. നീർച്ചാലുകളുടെ പുനരുജ്ജീവനം സാധ്യമാക്കി. ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി 5 എം.എൽ.എ. മാരുടെ പ്രത്യേക ആസ്തി വികസന ഫണ്ടിൽ നിന്നും 46.92 ലക്ഷം രൂപ ഉപയോഗിച്ച് 36 ഹയർസെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ജനപങ്കാളിത്തത്തോടെ കേരളത്തിലെ വിഭവങ്ങളും പൊതു സ്വത്തുകളും മാപ്പ് ചെയ്യുന്നതിനുവേണ്ടി സർക്കാർ രൂപീകരിച്ചിട്ടുള്ള മാപ്പത്തോൺ ഓപ്പൺ സ്ട്രീറ്റ് മാപ്പിംഗിലൂടെ ജില്ലയിലെ 80 ശതമാനത്തോളം നീർച്ചാലുകൾ മാപ്പിംഗ് നടത്തി. പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും മുള, രാമച്ചം, തീറ്റപ്പുല്ല് എന്നിവ നട്ടുപിടിപ്പിക്കുന്ന പദ്ധതി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുവരുന്നു. ഇതുകൂടാതെ വിവിധ സർക്കാർ വകുപ്പുകളുടേയും തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെയുള്ള വിവിധ ഏജൻസികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly